## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1462 — 11.06.2019-ൽ മറുപടിയ്ക്ക്

## മത്സ്യമേഖലയുടെ ഉന്നമനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.എൻ.എ ഖാദർ : | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | കേരളത്തിലെ മത്സ്യമേഖലയുടെ ഉന്നമനത്തിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | മത്സ്യമേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കിയുള്ള വികസനത്തിനും അതിലുപരി മത്സ്യകൃഷിയിലൂടെയുള്ള മത്സ്യോത്പാദന വർദ്ധനവും മത്സ്യസമ്പത്തിന്റെ സംരക്ഷണവും മുൻ നിർത്തിയുള്ള പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്. അടിസ്ഥാന സൗകര്യ വികസനത്തിലുൾപ്പെടുത്തി തീരദേശ വിദ്യാലയങ്ങളുടെയും ആരോഗ്യ കേന്ദ്രങ്ങളുടെയും മത്സ്യമാർക്കറ്റുകളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളും മത്സ്യകൃഷിയിലൂടെയുള്ള ഉല്പാദനം ഇരട്ടിയാക്കുന്നതിന് ജനകീയ മത്സ്യകൃഷി പദ്ധതിയും തീരദേശ സാക്ഷരത ഉയർത്തുന്നതിന് അക്ഷര സാഗരം പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കിയുള്ള മത്സ്യ സംരക്ഷണ പ്രവർത്തനങ്ങളും, മത്സ്യത്തൊഴിലാളി സുരക്ഷാ പദ്ധതികളും ഭൂരഹിത, ഭവനരഹിത മത്സ്യത്തൊഴിലാളികളുടെയും തീരദേശത്ത് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരുടെ പുനരധിവാസ പദ്ധതിയും ഇതിലുൾപ്പെടുന്നു. കാലോചിതമായി നിയമങ്ങൾ പരിഷ്കരിച്ച് മത്സ്യത്തൊഴി ലാളികളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസ പദ്ധതിയും മത്സ്യത്തൊഴിലാളികൾക്ക് കെട്ടിട സമുച്ചയം നിർമ്മിച്ച് നൽകുന്ന പദ്ധതിയും ഈ മേഖലയിൽ ആദ്യത്തേതാണ്. |
| (ബി) | രാജ്യത്തിന് വിദേശനാണ്യം നേടിക്കൊടുക്കുന്നതിൽ സുപ്രധാന പങ്കുവഹിക്കുന്ന കേരളത്തിലെ | (ബി) | ഇല്ല |

| | | | |
|---|---|---|---|
| | ചെറുകിട മത്സ്യവ്യാപാരസമൂഹം വൻകിട/കോർപ്പറേറ്റ് മത്സ്യവ്യാപാരികളുടെ ബിസിനസ്സ് പ്രഭാവത്തിൽ അവസരങ്ങൾ നഷ്ടപ്പെട്ട് ഉഴലുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | കേരളത്തിലെ ചെറുകിട മത്സ്യവ്യാപാരികളുടെ ബിസിനസ്സ് സംരക്ഷണത്തിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | കേരളത്തിലെ ചെറുകിട മത്സ്യവ്യാപാരികളെ അനുബന്ധ മത്സ്യത്തൊഴിലാളികളായി കണക്കാക്കി അംഗത്വം നൽകുകയും അനുബന്ധത്തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങളെല്ലാം തന്നെ അവർക്കും നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**